## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 31.10.2019-ൽ മറുപടിയ്ക്ക്

ചോദ്യം നം.1487

## മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ സംവിധാനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ്<br>,, കെ.എസ്.ശബരീനാഥൻ<br>,, അൻവർ സാദത്ത്<br>,, അനിൽ അക്കര : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കാലാവസ്ഥ വ്യതിയാനങ്ങളെയും മറ്റ് പ്രകൃതി ക്ഷോഭങ്ങളെയും സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുന്നതിനുള്ള നാവിക് ഉപകരണം എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഘടിപ്പിക്കുമെന്ന ഉറപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | പ്രാവർത്തികമാക്കിയിട്ടുണ്ട്. 15000 എണ്ണം നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും ഇതുവരെ 875 നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണത്തിന് One Way Communication സൗകര്യമേ ഉള്ളുവെന്ന പോരായ്മ ഉണ്ടെന്ന മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം പരിഗണിച്ച് Two Way Communication ഉള്ള നാവിക് ഉപകരണം വികസിപ്പിച്ചെടുക്കുന്നതിന് ISRO യെ ചുമതലപ്പെടുത്തുകയും അതിൻപടി ISRO പ്രവർത്തനം നടത്തിവരികയുമാണ്. Two Way Communication നോട് കൂടിയ നാവിക് ഉപകരണമേ ഇനി വിതരണം ചെയ്യുകയുള്ളൂ. |
| (ബി) | നാവിക് ഉപകരണം വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് നൽകുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുവാൻ സാധിക്കുന്ന വിധത്തിലുള്ള മൊബൈൽ ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പ്രസ്തുത മൊബൈൽ ആപ്പ് രൂപകല്പന ചെയ്തതെന്ന് അറിയിക്കുമോ; | (സി) | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് "സാഗര" എന്ന മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിവരുന്നു. NIC ആണ് ടി മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപന ചെയ്തിരിക്കുന്നത്. നിലവിൽ 15,661 മത്സ്യത്തൊഴിലാളി യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുവാൻ മറൈൻ ആംബുലൻസ് ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പ്രാഥമിക ചികിൽസ നൽകി കഴിയുന്നത്ര വേഗത്തിൽ കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ